പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2018 — 01.02.2018 ൽ മറുപടിക്ക്

## റോഡ് അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി.അയിഷാ പോറ്റി : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് ഏതു വിഭാഗം പാതകളിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് കൂടുതൽ റോഡപകടങ്ങൾ നടക്കുന്നത് നാഷണൽ ഹൈവേകൾ, സംസ്ഥാന പാതകൾ എന്നിവ ഒഴികെയുള്ള മറ്റു റോഡുകളിൽ ആണ്. |
| (ബി) റോഡ് അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ, ജി.പി.എസ് അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് , സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് |

പബ്ലിക് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

റോഡപകടങ്ങൾ വിലയിരുത്തുന്നതിനും അവ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനായി ജില്ലാ തലങ്ങളിൽ ജില്ലാ പോലീസ് മേധാവി ഉൾപ്പെടുന്ന റോഡ് സുരക്ഷാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 44 ഹൈവേ പട്രോൾ യൂണിറ്റുകൾ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തും നൽകി വരുന്നു. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം വച്ച് സിനിമാതാരം ശ്രീ. മോഹൻലാലിനെ ബ്രാൻഡ് അംബാസിഡർ ആക്കി ' ശുഭയാത്ര ' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ഇരുചക്ര വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് | (സി) ഇരുചക്ര മോട്ടോർ വാഹനങ്ങളിലെ യാത്രികർ ഹെൽമറ്റ് ധരിക്കുന്നുവെന്ന് ഉറപ്പ് വരുത്തും വിധം എൻഫോഴ്സ്മെന്റ് |

| | |
|---|---|
| • പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ മോട്ടോർ വാഹന - പോലീസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇരുചക്ര വാഹനങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രത്യേക പരിശോധനകളും ബോധവൽക്കരണ നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ഹെൽമറ്റ് നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്നവർക്ക് പിഴ ഈടാക്കുന്നതിനോടൊപ്പം നിശ്ചിത സമയം നിർബന്ധിത ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ